# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 463 — 29.06.2015-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.എം.എ. വാഹീദ് :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.ജോസഫ് വാഴയ്ക്കൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി) |
| (എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയപങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല വഴി നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. വിഷമയമില്ലാത്ത മികച്ച പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്കരണവും നടത്തിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി സാങ്കേതിക വിദ്യകൾ കൈമാറുവാൻ ഉദ്ദേശിക്കുന്നത്; | (ബി) കേരളത്തിലുടനീളം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷി രീതികളും ഉൽപാദനോപാധികളുമാണ് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) വീട്ടുകളിൽ അടുക്കളത്തോട്ട നിർമ്മാണത്തിന് പുറമെ മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയും സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്തും, ഗുണമേന്മയും അത്യുൽപ്പാദന ശേഷിയുമുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷി ഫാം/നഴ്സറികളിൽ നിന്നും വാങ്ങിയും, സൗജന്യമായോ/മിതമായ വിലക്കോ വിതരണം ചെയ്തു വരുന്നു. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും, സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാരുടെ സേവനം കൂടി ലഭ്യമാക്കിയും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**